## പതിനാലാം കേരളനിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2732 — 06.11.2019 ന് മറുപടിയ്ക്ക്.

**പൂഞ്ഞാർ മണ്ഡലത്തിലെ വന്യജീവി ആക്രമണം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.സി. ജോർജ് : | | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) | 2019 ആഗസ്റ്റ് ഒന്നാം തീയതിക്കുശേഷം പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ എരുമേലി, കോരുത്തോട്, കൂട്ടിക്കൽ, മുണ്ടക്കയം എന്നിവയുൾപ്പെടെയുള്ള മേഖലകളിൽ വന്യജീവികളുടെ ആക്രമണം പ്രതിരോധിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) | 2019 ആഗസ്റ്റ് ഒന്നാം തീയതിക്കുശേഷം പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ എരുമേലി, കോരുത്തോട്, കൂട്ടിക്കൽ, മുണ്ടക്കയം എന്നിവയുൾപ്പെടെയുള്ള മേഖലകളിൽ ബന്ധപ്പെട്ട സ്റ്റാഫുകളെയും പെരിയാർ വെസ്റ്റ് ഡിവിഷനിൽ നിന്നുള്ള റാപ്പിഡ് റെസ്പോൺസ് ടീമിനെയും ഉൾപ്പെടുത്തി മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 5 കി.മീ. ദൂരത്തിൽ സൗരോർജ്ജവേലി നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ കാലയളവിൽ പ്രസ്തുത മേഖലകളിൽ വന്യജീവികളുടെ ആക്രമണം മൂലം നാശ നഷ്ടങ്ങൾ ഉണ്ടായവർക്ക് എന്തൊക്കെ നഷ്ടപരിഹാരങ്ങൾ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | പൂഞ്ഞാർ മണ്ഡലത്തിൽ നിന്ന് വന്യജീവി ആക്രമണം മൂലം കൃഷി നാശം സംഭവിച്ചിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി ഈ ഡിവിഷനിൽ 12 അപക്ഷകൾ ലഭിച്ചതിൽ 5 അപേക്ഷകളിന്മേൽ നടപടി ഉത്തരവായിട്ടുള്ള താണ്. ശേഷിക്കുന്ന അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ